# Desabhimani

# 21 August 2018

# Nelliiyampathi, Flood Relief , Food Delivered

## നെല്ലിയാമ്പതിയിൽ ഭക്ഷ്യധാന്യങ്ങളെത്തിച്ചു

**കൊല്ലങ്കോട്**

യാത്രാ മാർഗം തകർന്ന് ഒറ്റപ്പെട്ട നെല്ലിയാമ്പതിയിൽ ഭക്ഷണവും മരുന്നുമെത്തിച്ചു. ദ്രുതകർമസേന, അഗ്നിശമന സേന, വിവിധ വളണ്ടിയർമാർ, റവന്യൂ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന 250 അംഗ സംഘമാണ് വാഹനങ്ങളിലും തലച്ചുമടുമായി തിങ്കളാഴ്ച വസ്തുക്കൾ എത്തിച്ചത്. ഒപ്പം 12 അംഗ മെഡിക്കൽ സംഘവും നെല്ലിയാമ്പതിയിലെത്തി.

നെന്മാറയിൽനിന്ന് പത്ത് കിലോമീറ്ററോളം വാഹനത്തിലും 20 കിലോമീറ്ററോളം കാൽനടയുമായാണ് സംഘം അവശ്യസാധനങ്ങൾ എത്തിച്ചത് മോശം കാലാവസ്ഥ മൂലം നെല്ലിയാമ്പതിയിൽ ഇറങ്ങാനാകാതെ ഹെലികോപ്ടറുകൾ മടങ്ങിയിരുന്നു. വൈദ്യുതിബന്ധം പുനഃസ്ഥാപിക്കാനുള്ള ശ്രമവും അന്തിമഘട്ടത്തിലാണ്. നെല്ലിയാമ്പതി ചെക്ക്പോസ്റ്റിന് ശേഷമുള്ള ഏഴ് കി.മീ. റോഡ് മണ്ണും പാറകളും മരങ്ങളും വീണാണ് നെന്മാറ- പോത്തുണ്ടി-നെല്ലിയാമ്പതി റോഡ് ബന്ധം വിഛേദിക്കപ്പെട്ടത്.